**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.281 28.10.2019 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി മുഖേനയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികൾ (പി.എച്ച്.സി.) ആണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളതതെന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 ലെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വേങ്ങപ്പള്ളി പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.<br>2018-19 വർഷം രണ്ടാം ഘട്ടത്തിൽ മേപ്പാടി, വാഴവറ്റ, സുഗന്ധഗിരി, കോട്ടത്തറ, പടിഞ്ഞാറത്തറ, പൊഴുതന എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | അതിൽ എത്ര ആശുപത്രികളിൽ ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ; | (ബി) | 2017-18 ലെ വേങ്ങപ്പള്ളി പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2018-19 ൽ കോട്ടത്തറ, മേപ്പാടി, പടിഞ്ഞാറത്തറ, പൊഴുതന എന്നിവിടങ്ങളിൽ സിവിൽ വർക്ക് കഴിഞ്ഞു. ഭൗതിക സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേക്ക് തെരെഞ്ഞെടുത്ത് 504 കേന്ദ്രങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം വാഴവറ്റ, സുഗന്ധഗിരി എന്നിവിടങ്ങളിൽ സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ സേവനങ്ങൾ ആണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (സി) | കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന സ്ഥാപനങ്ങളിൽ രോഗീസൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും, അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യങ്ങളുമാണ് ഒരുക്കി വരുന്നത്. ടി കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കം കൗൺസിലിംഗും, എൻ.സി.ഡി., ശ്വാസ്, ആശ്വാസം ക്ലിനിക്ക്, വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം എന്നിവ ലഭ്യമാക്കി വരുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ